# KERALA AQUATIC ASSOCIATION

State Unit of Swimming Federation of India

Recognised by Kerala State Sports Council & Affiliated to Kerala Olympic Association

| Hony. Life President | President | Hony. Secretary | Hony. Treasurer |
| --- | --- | --- | --- |
| M. Vijayakumar (Former Minister) | S. Rajiv | T.S. Muraleedharan | Muhammed Ali P.P |
| | (M) +919847720033 | (M) +919447219983 | (M) +919447841066 |

## വാട്ടർ സേഫ്റ്റി & ലൈഫ് ഗാർഡ് ട്രെയിനിങ് കോഴ്സ്

ദേശീയ നീന്തൽ ഫെഡറേഷന്റെ അംഗീകാരത്തോടെ കേരള അക്വാട്ടിക് അസോസിയേഷൻ നടത്തുന്ന നാലാമത് വാട്ടർ സേഫ്റ്റി & ലൈഫ് ഗാർഡ് ട്രെയിനിങ് കോഴ്സ് **നവംബർ 28, 29, 30** തീയതികളിൽ **തിരുവനന്തപുരത്ത് പിരപ്പൻകോട് ഡോ. ബി. ആർ. അംബേദ്കർ അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിൽ** വച്ച് സംഘടിപ്പിക്കുന്നതാണ്.

കേരളത്തിൽ വെള്ളത്തിൽ വീണുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ യോഗ്യരായ ലൈഫ് ഗാർഡുകളുടെ സേവനം കൂടുതലായി ആവശ്യമുള്ളതിനാലാണ് കേരള അക്വാട്ടിക് അസോസിയേഷൻ ഇത്തരം കോഴ്സുകൾ സംഘടിപ്പിക്കുന്നത്. കടൽ, കായൽ, കുളങ്ങൾ, സ്വിമ്മിംഗ് പൂളുകൾ എന്നിവടങ്ങളിൽ ജോലി ചെയ്യുന്ന അവസരങ്ങളിൽ വെള്ളത്തിന്റെ സുരക്ഷയും, അപകടങ്ങളിൽപെടുന്നവരെ സുരക്ഷിതമായി രക്ഷപ്പെടുത്തി പ്രഥമ ശുശ്രൂഷ നൽകുവാനും 'കാർഡിയോപൾമോണറി (Cardiopulmonary Resuscitation- CPR) ചെയ്യുവാനുമുള്ള പരിശീലനം, ലൈഫ് ഗാർഡുകളുടെ സേവന രീതി (community water safety) എന്നിവയുടെ പരിശീലനം ആണ് നൽകുന്നത്. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്കു കേരള അക്വാട്ടിക് അസോസിയേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

സ്വിമ്മിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗീകൃത ഇൻസ്ട്രുക്ടറുടെ മേൽനോട്ടത്തിലാണ് പരിശീലനം നൽകുന്നത്.

18 വയസ്സിന് മുകളിൽ പ്രായമുള്ള ശാരീരിക അംഗവൈകല്യങ്ങൾ ഇല്ലാത്ത നീന്തൽ വശമുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും കോഴ്സിന് അപേഷിക്കാം. അംഗീകൃത നീന്തൽ മത്സരങ്ങളിൽ പങ്കെടുത്തവർ, വിമുക്ത ഭടന്മാർ എന്നിവർക്കും അപേക്ഷിക്കാം. അപേക്ഷ ഫീസ് **8000/-** രൂപയാണ്. ഫീസ് ബാങ്ക് ട്രാൻസ്ഫർ മുഖാന്തരമോ, ഗൂഗിൾ പേ വഴിയോ അടക്കാവുന്നതാണ്. ഗൂഗിൾ പേ അയക്കുന്നവർ അതിന്റെ പ്രൂഫ് കൂടി ഉൾപെടുത്തുക. പങ്കെടുക്കുന്നവർ ആഹാരവും താമസസൗകര്യവും സ്വന്തമായി ഒരുക്കേണ്ടതാണ്.

താല്പര്യമുള്ളവർ താഴേ പറയുന്ന ലിങ്കിൽ നവംബർ 26-ന് മുമ്പായി ഓൺലൈനിൽ അപേഷിക്കണം. പേയ്മെന്റ് നടത്തുന്നതിനുള്ള QR കോഡ് ലിങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

https://forms.gle/QAFBdqHYi7gCCssz9

മുൻകാലങ്ങളിൽ അക്വാട്ടിക് അസോസിയേഷൻ നടത്തിയിട്ടുള്ള ലൈഫ് സേവിങ് കോഴ്സുകളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ഉള്ളവർ നവംബർ 30 - ന് ഡോ. ബി. ആർ. അംബേദ്കർ അക്വാട്ടിക് കോംപ്ലക്സിൽ രാവിലെ 9 മണിക്ക് നേരിട്ട് ഹാജരായി കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ നിശ്ചിത തുകയായ **2000/-** രൂപ അടച്ച് പുതുക്കേണ്ടതാണ്.

പുതുതായി കോഴ്സിൽ പങ്കെടുക്കുന്നവരും സർട്ടിഫിക്കറ്റുകൾ പുതുക്കാൻ വരുന്നവരും ആവശ്യമായ നീന്തൽ ഡ്രെസ്സുകൾ സഹിതം ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് കേരള അക്വാട്ടിക് അസോസിയേഷൻ ഓഫീസുമായി **8547470433** മൊബൈൽ നമ്പറിൽ ബന്ധപ്പെടാം.

ടി. എസ്. മുരളീധരൻ
ജനറൽ സെക്രട്ടറി
keralaaquatics@gmail.com
ഫോൺ - 9447219983

തിരുവനന്തപുരം കോർഡിനേറ്റർ
ജി. ബാബു +919447893355

KERALA AQUATIC ASSOCIATION * TRIVANDRUM *